കൃഷി നാശത്തിനു നൽകിയ നഷ്ടപരിഹാരം

225. [278] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984, 1985, 1986 വർഷങ്ങളിൽ സംസ്ഥാനത്തു പ്രകൃതിക്ഷോഭംമൂലം കൃഷിക്കാർക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്കായി എത്ര രൂപ നഷ്ടപരിഹാരം നൽകി ;

(ബി) ആകെ എത്ര രൂപ നഷ്ട പരിഹാരം കൊടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഓരോ ജില്ലയിലേയും കണക്ക് വ്യക്തമാക്കുമോ ;

(ഡി) നഷ്ടപരിഹാരമായി ഓരോ ജില്ലയിലും എത്ര രൂപ വീതം നൽകി ?

ഉത്തരം

(എ) 1984, 1985, 1985-86, 1986-87 എന്നീ വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും യഥാക്രമം 49.69 ലക്ഷം രൂപ, 45.06 ലക്ഷം രൂപ, 15.50 ലക്ഷം രൂപയും വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തന ഫണ്ടിൽനിന്നു യഥാക്രമം 48.34 ലക്ഷം രൂപ 597.96 ലക്ഷം രൂപ, 100 ലക്ഷം രൂപ ഉൾപ്പെടെ ആകെ 856.55 ലക്ഷം രൂപ.

(ബി) 1039.13 ലക്ഷം രൂപ.

(സി), (ഡി) അനുബന്ധമായി വെച്ചിട്ടുണ്ട്.*

പ്രകൃതിക്ഷോഭംമൂലം കൃഷിക്കുണ്ടായ നഷ്ടം

226. [279] ശ്രീ. എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ആർ. ചന്ദ്രമോഹൻ :
,, കെ. ടി. കുണാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തയിടെ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കവും മഴയും മൂലം കൃഷിക്ക് എന്തു നഷ്ടമുണ്ടായി ;

(ബി) ഏതെല്ലാം വിളകൾക്കാണ് നഷ്ടമുണ്ടായിട്ടുള്ളത് ;

(സി) നഷ്ടപരിഹാര ഇനത്തിൽ കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി ?

ഉത്തരം

(എ) 57.66 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) നെല്ല്, തെങ്ങ്, വാഴ, റബ്ബർ, കമുക്, കുരുമുളക്, മരച്ചീനി, ഇഞ്ചി എന്നീ വിളകൾക്കാണ് നഷ്ടം ഉണ്ടായിട്ടുള്ളത്.

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് വാങ്ങി വിതരണം ചെയ്യുക, വളം സബ്സിഡി നൽകുക, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുക എന്നിവയ്ക്ക് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

പുതുപ്പള്ളി, പനച്ചിക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ കൃഷിനാശം

227. [280] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പേമാരിയിലും കാറ്റത്തും നാശനഷ്ടങ്ങൾ സംഭവിച്ച പുതുപ്പള്ളി, പനച്ചിക്കാട്, മീനടം, പാമ്പാടി, കൂരോപ്പട, പള്ളിക്കാത്തോട്, അകലകുന്നം, അയർക്കുന്നം എന്നീ പഞ്ചായത്തുകളിൽ കൃഷിക്കാർക്ക് എന്തു നാശനഷ്ടങ്ങൾ ഉണ്ടായി എന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എത്ര പേർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകി കഴിഞ്ഞു ;

(സി) ഇനി നഷ്ടപരിഹാരം നൽകുവാനുള്ളവർക്ക് എത്രയുംവേഗം അവ നൽകുവാൻ നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 164 കർഷകർക്ക് 49,956 രൂപ.

(സി) കൂടുതൽ തുക അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പെരുമ്പഴുതൂർ, പെരുങ്കടവിള, വെള്ളറട എന്നീ പ്രദേശത്തെ കൃഷി നാശത്തിനു നഷ്ടപരിഹാരം

228. [281] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പേമാരിയിലും കൊടുംകാറ്റിലും വാഴകൾ നഷ്ടപ്പെട്ട കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം കൊല്ലയിൽ, കാരോട്, പാറശ്ശാല, കുളത്തൂർ എന്നീ പ്രദേശങ്ങളിൽ നൽകുകയും പെരുമ്പഴുതൂർ, പെരുങ്കടവിള, വെള്ളറട എന്നീ പ്രദേശങ്ങളിൽ നൽകാതിരിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണെന്നു വ്യക്തമാക്കുമോ ;

(സി) അടിയന്തിരമായി ഈ പ്രദേശത്തുള്ള കർഷകർക്കുകൂടി നഷ്ട പരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)ടി പ്രദേശങ്ങളിലെല്ലാം നഷ്ടപരിഹാരം ഭാഗികമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ചു നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly